## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1132** **06.02.2020 ൽ മറുപടിക്ക്**

## കായംകുളം റെസ്റ്റ് ഹൗസ് നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി യു. പ്രതിഭ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കായംകുളം റെസ്റ്റ് ഹൗസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;<br>(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) & (ബി) കായംകുളം റെസ്റ്റ് ഹൗസിന്റെ നവീകരണവുമായി ബന്ധപ്പെട്ട് പുതുതായി ഒരു ഡോർമിറ്ററി, ഒരു കോൺഫറൻസ് ഹാൾ എന്നിവ നിർമ്മിക്കുവാനും വി.ഐ.പി റൂം ലോബികൾ എന്നിവയുടെ ഇന്റീരിയർ പ്രവൃത്തികൾ ചെയ്ത് മോടി കൂട്ടുവാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള കിച്ചൻ ബ്ലോക്ക് പുതുക്കി നിർമ്മിച്ച് സൗകര്യം വർദ്ധിപ്പിക്കുന്നതും കെട്ടിടത്തിന്റെ ടെറസ്സ് ട്രസ്സ് വർക്ക് ചെയ്ത് ഉപയോഗയോഗ്യമാക്കുന്നതുമാണ്.<br>ഇതിൽ ഡെർമെറ്ററിയുടെയും കിച്ചൻ ബ്ലോക്കിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വി.ഐ.പി റൂം, ലോബികൾ എന്നിവയുടെ ഇന്റീരിയർ പ്രവൃത്തികൾ പുരോഗമിക്കുന്നു. കോൺഫറൻസ് ഹാളിന്റെ നിർമ്മാണവും ട്രസ്സ് വർക്കും അന്തിമഘട്ടത്തിലാണ്. റെസ്റ്റ് ഹൗസിന്റെ മറ്റ് മുറികളുടെയും ടോയ്ലറ്റുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റെസ്റ്റ് ഹൗസിന്റെ മുറ്റം ടൈൽസ് പാകി പുല്ലുപിടിപ്പിച്ച് മോടികൂട്ടുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചു. ഗേറ്റ് ഉടൻ സ്ഥാപിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**